I/758530/2024

"ഭരണഭാഷ - മാതൃഭാഷ"

നം:-ഡി ജി ഇ/15759/2022- എച്ച് 2-Part(2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി : 20-05-2024

സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -സഹായിതം-ബഹു.ഹൈക്കോടതി, ഡബ്ല്യു പി (സി) 31861/2022 നമ്പർ ഹർജിയിന്മേൽ 28/02/2024, 12/04/2024 എന്നീ തീയതികളിൽ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, സർക്കാർ പുറപ്പെടുവിച്ച 18/05/2024 ലെ സ.ഉ(കൈ)49/2024/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിക്കുന്നതിനു ആവശ്യമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം:- 18/05/2024 ലെ സ.ഉ(കൈ)49/2024/പൊ.വി.വ

**

പരാമർശം പ്രകാരം റിവിഷൻ പെറ്റീഷനുകൾ സർക്കാറിൽ സമർപ്പിക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(i) കേരളാ വിദ്യാഭ്യാസ ചട്ടങ്ങൾക്കനുസൃതമായി, അപ്പലേറ്റ്/ റിവിഷനറി അതോറിറ്റികളുടെ ഉത്തരവുകൾക്കെതിരെയുള്ള റിവിഷൻ പെറ്റീഷനുകൾ, ഇനി മുതൽ ചുവടെ പ്രതിപാദിക്കും പ്രകാരം, അഞ്ചു വിഭാഗങ്ങളായി തരം തിരിച്ചാണ് സർക്കാരിൽ സമർപ്പിക്കേണ്ടത്.

a) നിയമനാംഗീകാരം (കാറ്റഗറി- I)

b) തസ്തിക നിർണ്ണയം (കാറ്റഗറി- II).

c) സ്ഥാനക്കയറ്റം (കാറ്റഗറി- III)

d) മാനേജ്മെന്റ് തർക്കം (കാറ്റഗറി- IV)

e) മറ്റു വിഷയങ്ങൾ (കാറ്റഗറി- V)

(ii) ഇപ്രകാരം ഫയൽ ചെയ്യുന്ന പെറ്റിഷനുകൾ തീർപ്പാക്കുന്നതിന് മേൽ സൂചിപ്പിച്ചിട്ടുള്ള ക്രമത്തിലായിരിക്കും മുൻഗണന നൽകുന്നത്.

പരാമർശത്തിലെ സർക്കാർ ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുള്ള ഫോർമാറ്റ്, വ്യക്തമായി പൂരിപ്പിച്ച്, റിവിഷൻ പെറ്റിഷനോടൊപ്പം ആമുഖമായി ഉൾപ്പെടുത്തി വേണം സർക്കാരിലേക്ക് സമർപ്പിക്കേണ്ടത്.

iii) ഫോർമാറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും റിവിഷൻ പെറ്റിഷനുകളിൽ സർക്കാർ തുടർ നടപടികൾ സ്വീകരിക്കുന്നത്.

I/758530/2024

iV) വിദ്യാഭ്യാസ ഓഫീസർമാരുടെ ഉത്തരവുകൾക്കെതിരെ സർക്കാരിൽ നേരിട്ട് പരാതികൾ സമർപ്പിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതും ചട്ട പ്രകാരമുള്ള അപ്പീൽ/ റിവിഷൻ അപ്പീൽ (കെ.ഇ.ആർ അദ്ധ്യായം **XIV** എ, ചട്ടം **8(5)**, **8** എ എന്നിവ പ്രകാരമുള്ള) സാധ്യതകൾ പ്രയോജനപ്പെടുത്തിയതിനു ശേഷം മാത്രം സർക്കാരിൽ റിവിഷൻ പെറ്റീഷനുകൾ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരമല്ലാതെ സമർപ്പിക്കപ്പെടുന്ന റിവിഷൻ പെറ്റിഷനുകൾ ചട്ടപ്രകാരം പരിശോധിക്കേണ്ടതായ അപ്പീൽ/ റിവിഷൻ അപ്പീൽ അധികാരികൾക്ക് പരിശോധനക്കായി സർക്കാരിൽ നിന്നും തിരികെ നൽകുന്നതാണ്.

V) 01/06/2024 മുതൽ സർക്കാരിലേക്ക് സമർപ്പിക്കുന്ന റിവിഷൻ പെറ്റീഷനുകൾ മേൽ പറഞ്ഞ പ്രകാരം മാത്രം സമർപ്പിക്കേണ്ടതാണ്.

മേൽ സർക്കാർ നിർദ്ദേശങ്ങൾ എല്ലാ വിദ്യാഭ്യാസ ആഫീസർമാരും മാനേജർമാരും സ്ക്കൂളുകളിലെ നിയമിതരും കൃത്യമായും പാലിക്കുവാൻ അറിയിപ്പ് നൽകുന്നു.

Signed by
Shanavas S Ias
Date: 20-05-2024 17:04:50

പൊതുവിദ്യാഭ്യാസ ഡയറക്ടർ

ഉള്ളടക്കം :-

പരാമർശ പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെയും ഫോർമാറ്റിന്റെയും പകർപ്പുകൾ

സ്വീകർത്താവ്:

(1) എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാരും/നിയമിതരും

(ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ /പ്രധാനാധ്യാപകർ മുഖേനയും വെബ് സൈറ്റിലും സർക്കുലറിന്റെ പകർപ്പ് ലഭ്യമാകുന്നതാണ്.)

(2) എല്ലാ എയ്ഡഡ് സ്കൂൾ പ്രധാനാദ്ധ്യാപകരും/ജീവനക്കാരും

{അതത സ്കൂളിലെ ജീവനക്കാർക്ക് ഈ വിഷയത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർ നൽകേണ്ടതും മുൻഗണനാക്രമം പാലിച്ചാണ് റിവിഷൻ ഹർജികൾ സർക്കാരിലേക്ക് സമർപ്പിക്കപ്പെടുന്നത് എന്ന് പ്രധാനാദ്ധ്യാപകർ ഉറപ്പ വരുത്തേണ്ടതുമാണ്. കൂടാതെ, ഈ വിഷയത്തിൽ ആവശ്യമായ അവബോധം എല്ലാ ജീവനക്കാർക്കും നൽകേണ്ടതുമാണ്.}

പകർപ്പ്:

1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
   ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം
   (സർക്കുലറിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാ പേർക്കും ലഭ്യമാക്കിയിട്ടുണ്ട് എന്നുറപ്പ് വരുത്തേണ്ടതാണ്.)

I/758530/2024

2 എല്ലാ ഹയർ സെക്കണ്ടറി ആർ.ഡി.ഡി.മാർക്കും
(സർക്കുലറിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാ പേർക്കും ലഭ്യമാക്കിയിട്ടുണ്ട് എന്നുറപ്പ് വരുത്തേണ്ടതാണ്.)

3 എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി എ.ഡി.മാർക്കും
(സർക്കുലറിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാ പേർക്കും ലഭ്യമാക്കിയിട്ടുണ്ട് എന്നുറപ്പ് വരുത്തേണ്ടതാണ്.)

4 എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
(സർക്കുലറിന്റെ പകർപ്പ് ബന്ധപ്പെട്ട എല്ലാ പേർക്കും ലഭ്യമാക്കിയിട്ടുണ്ട് എന്നുറപ്പ് വരുത്തേണ്ടതാണ്.)

5 എല്ലാ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
(സർക്കുലറിന്റെ പകർപ്പ് എല്ലാ മാനേജർമാർക്കും പ്രധാനാധ്യാപകർക്കും ലഭ്യമാക്കേണ്ടതാണ്.)

6. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)